ഞങ്ങൾക്ക് അടിയന്തിരമായി 10 ബസ്സുകളെങ്കിലും നെടുമങ്ങാട് ഡിപ്പോയിൽ അധികമായി അനുവദിക്കണം. ഷെഡ്യൂളുകളനുസരിച്ചുപോലും ബസ്സുകളോടിക്കാൻ നിർവാഹമില്ല. 400 സർവ്വീസുകളൊക്കെ ഒരു താലൂക്കിൽ ഓടിക്കുമ്പോൾ 100 ഷെഡ്യൂളുകൾ പോലും നെടുമങ്ങാട് താലൂക്കിൽ ഓടിക്കാൻ നിർവാഹമില്ല. ഏറ്റവും വലിയ താലൂക്കാ ണത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇടപെട്ട് ഞങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 10 ബസ്സുകളെങ്കിലും അനുവദിച്ച് നെടുമങ്ങാട് താലൂക്കിലെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കണം. ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുക മാത്രമല്ല ഇത് നടപ്പിലാക്കാമെന്ന് ഉറപ്പുവരുത്തുകകൂടെ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, വെള്ളനാട് കെ.എസ്.ആർ.ടി.സി.യുടെ സബ് ഡിപ്പോ തുടങ്ങാൻവേണ്ടി മൂന്ന് ഏക്കറോളം സ്ഥലം വെള്ളനാട് പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 16 ലക്ഷം രൂപ ചെലവാക്കി ഭൂവികസനം, ചുറ്റുമതിൽ കെട്ട്, ഓട നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. 18-7-1998-ൽ നെടുമങ്ങാട് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

കെഎസ്ആർടിസിയുടെ ചെലവിൽ ഫോർവേ ഗ്യാരേജ് പണിയുക, കെഎസ്ആർടിസിയുടെ നിബന്ധന അനുസരിച്ച് ഒരു ഓഫീസ് കെട്ടിടം ജില്ലാ പഞ്ചായത്ത് ചെലവിൽ നിർമ്മിക്കുക, യാർഡ് മെറ്റലിംഗ്, ടാറിംഗ് എന്നിവ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കണം. ബസ്സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ മറ്റ് അനുബന്ധ പണികൾ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കും. 31-7-98-ൽ കൂടിയ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് യോഗം മേൽ വിവരിച്ച യോഗതീരുമാനങ്ങൾക്ക് വിധേയമായി ബസ് സ്റ്റേഷൻ തുടങ്ങുവാനുള്ള അംഗീകാരം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 11 ലക്ഷം രൂപ ചെലവഴിച്ച് കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ പണി പൂർത്തിയാക്കി. കൂടാതെ ടി ഗ്യാരേജിന്റെ വൈദ്യുതീകരണത്തിന് 1,38,000 രൂപയുടെ പണി ടെണ്ടർ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ പഞ്ചായത്തുകൾ പൂർവ്വ നിശ്ചയ പ്രകാരം പണികൾ പൂർത്തിയാക്കി, ജില്ലാ പഞ്ചായത്ത് പണി തുടങ്ങുവാനുള്ള നടപടി ഉടനെ ആരംഭിക്കുമെന്ന് മനസ്സിലാക്കുന്നു. ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയാകുംവരെ പ്രസ്തുത ആവശ്യത്തിനായി ഒരു വാടകക്കെട്ടിടം ലഭ്യമാക്കണമെന്നും നിർദ്ദേശം പഞ്ചായത്ത് മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതിന്മേൽ കെ.എസ്.ആർ.ടി.സി.യുടെ തീരുമാനം എത്രയും വേഗം കൈക്കൊള്ളുന്നതാണ്. ഈ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനു നെടുമങ്ങാട്-തിരുവനന്തപുരം, നെടുമങ്ങാട്-വിതുര, നെടുമങ്ങാട്-കാട്ടാക്കട, നെടുമങ്ങാട്-പുത്തൻപാലം, വെഞ്ഞാറമൂട് എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ മുടങ്ങാതെ ഓടിക്കുന്നതാണ്. ഇതിനുവേണ്ടി കൂടുതലായി 8 ബസ്സുകൾകൂടി അനുവദിച്ചു കഴിഞ്ഞു.

(10) കുത്തുപറമ്പ്-പെരുവ ആദിവാസി കോളനി വൈദ്യുതീകരണത്തിന് വനംവകുപ്പിന്റെ തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീമതി കെ. കെ. ശൈലജടീച്ചർ : സർ, കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 'പെരുവ' കോളനിയിൽ താമസിക്കുന്ന കുറിച്യ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ ജീവിത പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവിടെ നാല് സങ്കേതങ്ങളിലായി ജീവിച്ചുവരുന്ന ആദിവാസികൾ ഒട്ടേറെ ജീവിതപ്രശ്നങ്ങൾ റിസർവ് ഫോറസ്റ്റിനകത്ത് അകപ്പെട്ടു എന്നുള്ളതുകൊണ്ടുതന്നെ അനുഭവിക്കുകയാണ്. ഈ കോളനി

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതീകരിക്കുന്നതിന് 1996-ൽ 2, 54, 000 രൂപയുടെ എസ്റ്റിമേറ്റിന് പഞ്ചായത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. പക്ഷേ, തുക വകയിരുത്തിയിട്ടും വനത്തിലൂടെ 11 കെ.വി. ലൈൻ വലിക്കേണ്ടതായിട്ടുള്ളതുകൊണ്ട് ഈ പ്രവൃത്തി നടപ്പാക്കുവാൻ കഴിയുന്നില്ല. 1996 മുതൽ പദ്ധതി പാസ്സായിട്ടും വൈദ്യുതീകരണ പ്രവർത്തനം നടത്തുവാൻ കഴിയാത്തതിനാൽ ആദിവാസികൾ വിഷമിക്കുകയാണ്. നിരവധി തവണ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് എഴുതിയിട്ടും അതിന്റെ നടപടിക്രമം പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ വൈദ്യുതീകരണ പ്രക്രിയ തടസ്സപ്പെട്ടിരിക്കുകയാണ്. ആദിവാസികൾ ഒരു പ്രക്ഷോഭത്തിന്റെ വക്കിലാണ്. അതുകൊണ്ട് എത്രയും വേഗം വനംവകുപ്പിന്റെ തടസ്സം ഒഴിവാക്കിക്കൊണ്ട് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള അനുവാദം കൊടുത്തുകൊണ്ട് വൈദ്യുതീകരിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ 'പെരുവ' ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിനായി മരങ്ങൾ മുറിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കോളിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബഹുമാനപ്പെട്ട കൂത്തുപറമ്പ് എം.എൽ.എ. ശ്രീമതി കെ. കെ. ശൈലജ ടീച്ചറും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വനത്തിനുള്ളിലൂടെ കമ്പി ലൈൻ വലിക്കുന്നതിനും മരങ്ങൾ മുറിച്ചു മാറ്റാനും 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം (Forest Conservation Act, 1980) അനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുവാദം ആവശ്യമാണ്. 1980-ലെ കേന്ദ്രവനസംരക്ഷണ നിയമം സെക്ഷൻ 2 അനുസരിച്ച് മുൻകൂട്ടിയുള്ള അനുവാദം ലഭിക്കുന്നതിനാവശ്യമായ പ്രൊഫോർമ വിവരം നൽകുന്നതിനായി ഉപഭോക്തൃ ഏജൻസിയായ കോളിയോട് പഞ്ചായത്ത് പ്രസിഡന്റിനോട് 29-8-1998-ൽ അഭ്യർത്ഥിക്കുകയും വിവരം കണ്ണൂർ ഡി.എഫ്.ഒ.യെ അറിയിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് 21-01-2000-ൽ കണ്ണൂർ ഡി.എഫ്.ഒ. വൈദ്യുതി ലൈൻ വലിക്കുമ്പോൾ വിവിധ ഇനങ്ങളിൽപ്പെട്ട 54 മരങ്ങൾ മുറിക്കേണ്ടിവരുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരങ്ങൾ ഒന്നുംതന്നെ മുറിയ്ക്കാതെ കമ്പി ലൈൻ വലിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർമാർ ആലോചിച്ച് ആവശ്യമായ പ്രൊഫോർമ, മേപ്പ് എന്നിവ സഹിതം ഉടൻതന്നെ സമർപ്പിക്കുന്നതാണ് എന്ന് കണ്ണൂർ ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്. മേൽപ്പടി വിശദാംശം ലഭിച്ചാൽ ഉടൻതന്നെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രൊഫോർമയും സ്കെച്ചും തയ്യാറാക്കി സമർപ്പിക്കേണ്ടത് ഉപഭോക്തൃ ഏജൻസിയായ കോളിയോട് പഞ്ചായത്താണ്. കോളിയോട് പഞ്ചായത്ത് വളരെ വേഗം ഇതു ചെയ്തു തന്നാൽ ഡി.എഫ്.ഒ. മുഖേന ഈ പണികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

(11) ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കാൻ നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഞാൻ സഭയിൽ നാലാമത് തവണയാണ് അവതരിപ്പിക്കുന്നത്. അതിനിടയിൽ കഴിഞ്ഞ ദിവസം ആ തുറമുഖവുമായി ബന്ധപ്പെട്ട കടൽപ്പാലം തകർന്നുവീണ് പൂർണ്ണമായും നശിച്ച സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ആലപ്പുഴയിലെ ജനങ്ങളെ സംബന്ധിച്ച് ഇതു വളരെ വികാരപരമായ ഒരു പ്രശ്നമാണ്. അവിടെ സർവ്വകക്ഷി ആക്ഷൻ കൗൺസിൽ, തുറമുഖത്തിന്റെ സംരക്ഷണത്തിനായി ഒരു സമര സമിതി ഉണ്ട്. സി.പി.ഐ.യുടെ നേതാവ് ശ്രീ. എം.ഡി. ചന്ദ്രസേനനും സി.പി.എം.ലുള്ള നേതാക്കന്മാർ അടക്കമുള്ള എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും അതിൽ അംഗങ്ങളാണ്. ഇതിന് പല പ്രാവശ്യം സമരം നടത്തിയതാണ്. ഈ തുറമുഖത്തിന്റെ കടൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കണമെന്ന് ആവശ്യപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly